സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 198 2024 നവംബർ 26 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

60 രൂപയുടെ ഇടിവ്: സ്വർണ വില പവന് 56,640 രൂപയായി

തൃശൂർ: ആഗോള വിപണിയിലെ ഇടിവ് സംസ്ഥാനത്തെ സ്വർണ വിലയിലും പ്രതിഫലിച്ചു. പവന്റെ വില 960 രൂപ കുറഞ്ഞ് 56,640 രൂപയായി. ഗ്രാമിന്റെ വിലയാകട്ടെ 120 രൂപ കുറഞ്ഞ് 7,080 രൂപയുമായി. ഇതോടെ രണ്ട് ദിവസത്തിനിടെ പവന്റെ വിലയിൽ 1,760 രൂപയാണ് ഇടിവുണ്ടായത്.ഡോളർ ശക്തിയാർജിച്ചതാണ് സ്വർണത്തിന് തിരിച്ചടിയായത്. ഇസ്രായേൽ–ഹിസ്ബുള്ള സംഘർഷത്തിന് അയവുവന്നേക്കുമെന്ന സൂചനകളും സ്വർണ വിലയെ ബാധിച്ചു.ആഗോള വിപണിയിൽ സ്പോട് ഗോൾഡ് വില ട്രോയ് ഔൺസിന് 2,624 ഡോളർ നിലവാരത്തിലാണ്. രാജ്യത്തെ കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 75,472 രൂപയുമാണ്.

തടിലോറി പാഞ്ഞുകയറി 5 പേർക്ക് ദാരുണാന്ത്യം

തൃശ്ശൂർ: നാട്ടികയിൽ ലോറികയറി അഞ്ചു പേർമരണപ്പെട്ടു. തടിലോറി പാഞ്ഞുകയറിയാണ് അപകടം. പണി പുരോഗമിക്കുന്ന ദേശീയപാത ബൈപ്പാസിനരികിൽ ഉറങ്ങിക്കിടന്നിരുന്ന നാടോടികൾക്കിടയിലേക്കാണ് ലോറി പാഞ്ഞുകയറിയത്. രണ്ടുകുട്ടികളുൾപ്പെടെ പാലക്കാട് ഗോവിന്ദാപുരം സ്വദേശികളാണ് മരിച്ചത്. അഞ്ചുപേർ തത്ക്ഷണം മരിച്ചു. 11 പേർക്ക് പരിക്കേറ്റു. ഇന്ന് പുലർച്ചെ 3.50 നാണ് സംഭവം. കാളിയപ്പൻ(50),ബംഗാഴി(20), നാഗമ്മ(39), ജീവൻ(4), വിശ്വ(1) എന്നിവരാണ് മരിച്ചത്.

കണ്ണൂരിൽ നിന്ന് മരം കയറ്റി പോയിരുന്ന ലോറിയാണ് ദേശീയ പാതയിൽ നിന്ന് ബൈപ്പാസിലേക്ക് നിയന്ത്രണം വിട്ട് പാഞ്ഞുകയറിയത്. ദേശീയ പാതയിൽ സ്ഥാപിച്ചിരുന്ന ഡിവൈഡർ തകർത്താണ് ലോറി ഉറങ്ങിക്കിടന്നവർക്കിടയിലേക്ക് കയറിയത്. ഇവർ വർഷങ്ങളായി പ്രദേശത്ത് ജോലി ചെയ്ത് കഴിഞ്ഞുവന്നവരായിരുന്നു.

108 ആംബുലൻസുകൾ, തളിക്കുളം ആംബുലൻസ്, തളിക്കുളം മെക്സിക്കൻ ആംബുലൻസ് എന്നിവയിലാണ് മരിച്ചവരേയും പരിക്കേറ്റവരേയും ആശുപത്രികളിലേക്ക് മാറ്റിയത്. പരിക്കേറ്റവരിൽ ഒരാൾ കരഞ്ഞ് ഓടി വരുന്നത് കണ്ട് നാട്ടിക ബീച്ച് സ്വദേശി ആഘോഷാണ് പോലീസിൽ വിവരമറിയിച്ചത്. കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി, വി. കെ. രാജു, വലപ്പാട് എസ്. എച്ച്. ഒ. എം.കെ. രമേഷ് എന്നിവർ സ്ഥലത്തെത്തി. ലോറിയിലുണ്ടായിരുന്ന കണ്ണൂർ ആലക്കോട് സ്വദേശികളായ ഏഴിയക്കുന്നിൽ അലക്സ് (33), ചാമക്കാലച്ചിറ ജോസ് (54) എന്നിവരെ വലപ്പാട് പോലീസ് കസ്റ്റഡിയിലെടുത്തു.

മദ്യലഹരിയിലായിരുന്ന ക്ളീനറാണ് ലോറി ഓടിച്ചതെന്നാണ് പൊലീസ് പറയുന്നത്. ഇയാൾക്ക് ലൈസൻസ് ഇല്ലായിരുന്നു. സംഭവത്തിൽ ലോറി ഡ്രൈവർ ജോസും ക്ളീനർ കണ്ണൂർ ആലക്കോട് സ്വദേശി അലക്സും (33) അറസ്റ്റിലായി. അപകടം നടന്നയിടത്ത് സൂചനാബോർഡുകളും ഉണ്ടായിരുന്നു. നിലവിളി കേട്ടെത്തിയ നാട്ടുകാരാണ് രക്ഷാപ്രവർത്തനം ആദ്യം ആരംഭിച്ചത്. പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കെഎസ്ആർടിസി ബസിൽ നിന്ന് തെറിച്ചുവീണ സ്ത്രീ മരിച്ചു

ഇടുക്കി: കെഎസ്ആർടിസി ബസിൽ നിന്ന് തെറിച്ചുവീണ് ഗുരുതരമായി പരിക്കേറ്റ സ്ത്രീ മരിച്ചു. ഇടുക്കി ഏലപ്പാറ ഏറന്പടത്താണ് ഓടിക്കൊണ്ടിരുന്ന കെഎസ്ആർടിസി ബസിൽ നിന്നാണ് സ്ത്രീ തെറിച്ചുവീണത്. ഉപ്പുതറ ചീന്തലാർ സ്വദേശി സ്വർണ്ണമ്മയാണ് മരിച്ചത്.

ഇന്ന് രാവിലെയാണ് ദാരുണമായ അപകടമുണ്ടായത്. മലയോര ഹൈവേയിൽ കട്ടപ്പന – കുട്ടിക്കാനം റൂട്ടിൽ ചിന്നാർ നാലാം മൈലിൽ വച്ചാണ് സംഭവം നടന്നത്. ബസിന്റെ വാതിലിന്റെ ഭാഗത്ത് നിന്ന സ്ത്രീ തെറിച്ച് വീഴുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ ഇവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. സംഭവത്തിൽ കെഎസ്ആർടിസി അന്വേഷണം ആരംഭിച്ചു.മരിച്ച സ്ത്രീയുടെ കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

വാഹന രജിസ്ട്രേഷൻ റദ്ദാക്കും

തൃശൂർ: നാട്ടികയിൽ തടി കയറ്റി വന്ന ലോറി ഉറങ്ങിക്കിടന്ന നാടോടികളുടെ ഇടയിലേക്ക് നിയന്ത്രണം വിട്ട് പാഞ്ഞു കയറി 5 പേർ മരിച്ച അപകടത്തിൽ വാഹന രജിസ്ട്രേഷനും ഡ്രൈവറുടെ ലൈസൻസും റദ്ദാക്കുമെന്ന് ഗതാഗത മന്ത്രി കെ.ബി. ഗണേശ് കുമാർ പ്രസ്താവിച്ചു

രാത്രികാല പരിശോധന കർശനമാക്കും: മന്ത്രി കെ.ബി ഗണേഷ് കുമാർ

തൃശ്ശൂർ: നാട്ടികയിൽ ലോറി പാഞ്ഞുകയറി അഞ്ചുപേർ കൊല്ലപ്പെട്ട സംഭവത്തിൽ മോട്ടോർ വാഹനവകുപ്പ് മന്ത്രി കെ.ബി ഗണേഷ്കുമാറിന്റെ പ്രതികരണം. ഡ്രൈവറും ക്ലീനറും മദ്യപിച്ചിരുന്നുവെന്നും വണ്ടിയോടിച്ചത് ക്ലീനറായിരുന്നുവെന്നും ഇയാൾക്ക് ലൈസൻസ് ഉണ്ടായിരുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി. നിയമലംഘനം നടത്തിയതിന് രണ്ടുപേർക്കുമെതിരെ കേസെടുക്കും. ഇനിമുതൽ രാത്രികാല പരിശോധന കർശനമായിരിക്കും. അപകടശേഷം ലോറിയുമായി കടക്കാൻ ശ്രമിച്ചുവെന്നും ഡ്രൈവറും ക്ലീനറും ഇപ്പോഴും മദ്യലഹരിയിൽത്തന്നെയാണെന്നും വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

രാത്രികാലങ്ങളിൽ വണ്ടികൾ അമിതവേഗതയിലാണ് ഓടിക്കുന്നതെന്നും തമിഴ്നാട്ടിൽ നിന്നുള്ള വണ്ടികൾ അമിതവേഗതയിൽ തെറ്റായ ദിശയിലേക്ക് കയറിവരുന്നത് പതിവാക്കിയിരിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. 'റോഡ് സൈഡിൽ കിടക്കുന്നവരെ മാറ്റും. ഇവിടെ കിടന്നുറങ്ങരുതെന്ന് മുന്നറിയിപ്പ് കൊടുത്തിരുന്നു. റോഡ് സേഫ്റ്റി അതോറിറ്റിയുമായി സഹകരിച്ച് കൂടുതൽ ജാഗ്രത പാലിക്കും. കുടുംബങ്ങൾക്കുള്ള സഹായം പരിഗണനയിലാണ്. ട്രാഫിക്കുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എൻ.ജി.ഒ കളുമായി സഹകരിച്ചുകൊണ്ട് റോഡ് അപകടങ്ങൾ നിയന്ത്രിക്കാനുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ട്. ട്രാഫിക് ലൈൻ തെറ്റിച്ചാൽ കർശന നടപടിയെടുക്കും. ഒരു രാജ്യത്തും വണ്ടി കൈകാണിച്ചുനിർത്തി ആർ.സി ബുക്ക് പരിശോധിക്കുന്ന നടപടിയില്ല. ഇവിടെ മോട്ടോർവാഹനവകുപ്പിന് ആവശ്യമായ വണ്ടികളില്ല. ധനകാര്യവകുപ്പിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. മതിയായ ഉദ്യോഗസ്ഥർ വകുപ്പിലുണ്ട്. പക്ഷേ പല ഓഫീസിലും മിനിമം ഒരു വാഹനം പോലുമില്ല. എന്തിനാണ് വണ്ടി, പഴയ വണ്ടി എന്തുചെയ്യും എന്നൊക്കെയാണ് ചോദ്യം. ഇതിനൊക്കെ എന്തു മറുപടി കൊടുക്കും?– മന്ത്രി പ്രതികരിച്ചു. വകുപ്പിലെ 15 വർഷം പഴക്കമായ വണ്ടികളൊക്കെ ഒതുക്കിയെന്നും ഇലക്ട്രിക് വാഹനം ഉപയോഗിച്ച് പിന്നാലെ ഓടാനാവില്ലെന്നും മന്ത്രി പറഞ്ഞു. നിയമലംഘനം പിടിക്കാൻ ഡ്രോണിന്റെ സഹായം തേടുമെന്നും മന്ത്രി അറിയിച്ചു.

ശബരിമലയിൽ മൊബൈൽ ഫോണുകൾക്ക് കർശന നിയന്ത്രണം വേണം– ഹൈക്കോടതി

കൊച്ചി: ശബരിമലയിലെ സുരക്ഷാ ക്രമീകരണങ്ങളിൽ നിലപാട് കടുപ്പിച്ച് ഹൈക്കോടതി. ശബരിമലയിലെ മൊബൈൽ ഫോണുകൾക്കുള്ള നിയന്ത്രണം കർശനമായി നടപ്പിലാക്കണമെന്ന് ഹൈക്കോടതി. ഡിസംബർ 1 മുതൽ 6 വരെ ശബരിമലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കാനും കോടതി നിർദേശിച്ചു. ഇതിന്റെ ഭാഗമായി വഴിയോര കച്ചവടങ്ങൾക്കും കർശന നിയന്ത്രണങ്ങൾ വരും.

അതീവ സുരക്ഷാ മേഖലയായി സർക്കാർ പ്രഖ്യാപിച്ച സ്ഥലമാണ് ശബരിമല. ഇതിന്റെ ഭാഗമായി സോപാനത്തും മുറ്റത്തും വീഡിയോ ചിത്രീകരണവും മൊബൈൽ ഫോണിന്റെ ഉപയോഗവും നേരത്തെ തന്നെ ഹൈക്കോടതി വിലക്കിയിട്ടുണ്ട്. എന്നാൽ സാമൂഹികമാധ്യമങ്ങളിലടക്കം ശബരിമല തിരുമുറ്റത്ത് നിന്നുള്ള ചിത്രങ്ങളടക്കം പങ്കുവെക്കപ്പെടുന്നുണ്ട്. അത് പാടില്ലെന്നാണ് ഹൈക്കോടതിയുടെ ശക്തമായ നിലപാട്. നിയന്ത്രണം കർശനമായി നടപ്പിലാക്കണമെന്നാണ് ഹൈക്കോടതി നൽകിയിരിക്കുന്ന നിർദേശം. ഇത് സംബന്ധിച്ച് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഏത് രീതിയിലാണ് നിയന്ത്രണം കടുപ്പിക്കുക എന്ന് വ്യക്തമല്ല. അതേസമയം, ഡിസംബർ 1 മുതൽ 6വരെ ശബരിമലയിൽ സുരക്ഷ ശക്തമാക്കാനും കോടതി നിർദേശമുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് മുദ്രവെച്ച കവറിൽ നൽകാൻ ചീഫ് പോലീസ് കോർഡിനേറ്ററിനോട് ഹൈക്കോടതി നിർദേശിച്ചു.

'എന്ത് തരം കേസാണിത്?' കെ എം ഷാജിക്ക് എതിരായ സർക്കാർ, ഇഡി ഹർജികൾ തള്ളി സുപ്രീം കോടതി

ന്യൂഡൽഹി : പ്ലസ്ടു കോഴ കേസിൽ മുസ്ലിംലീഗ് നേതാവ് കെ.എം.ഷാജിക്കെതിരായ വിജിലൻസ് അന്വേഷണം റദ്ദാക്കിയതിന് എതിരെ സംസ്ഥാന സർക്കാർ നൽകിയ ഹർജി സുപ്രീംകോടതി തള്ളി. കള്ളപ്പണ നിരോധന നിയമവുമായി ബന്ധപ്പെട്ട് ഷാജിക്ക് എതിരെ എടുത്ത കേസ് ഹൈക്കോടതി റദ്ദാക്കിയതിനെതിരെ ഇഡി നൽകിയ ഹർജിയും സുപ്രീം കോടതി തള്ളി. എന്ത് തരം കേസാണ് ഇതെന്ന പരാമർശത്തോടെയാണ് ജസ്റ്റിസുമാരായ അഭയ് എസ് ഓക, അഗസ്റ്റിൻ ജോർജ് മസിഹ് എന്നിവർ അടങ്ങിയ ബെഞ്ച് ഹർജികൾ തള്ളിയത്.

കേസിൽ ഇതുവരെ വിജിലൻസ് രേഖപ്പെടുത്തിയ 54 പേരുടെയും മൊഴികൾ പരിശോധിച്ച ശേഷമാണ് സുപ്രീം കോടതി ഹർജി തള്ളിയത്. മൊഴി നൽകിയവരിൽ ഏതെങ്കിലും ഒരു വ്യക്തി ഷാജി പണം ആവശ്യപെട്ടിട്ടുണ്ടോ എന്നും പണം വാങ്ങിയോ എന്നും മൊഴി നൽകിയിട്ടുണ്ടോ എന്നും സുപ്രീംകോടതി ആരാഞ്ഞു. അത്തരം ഒരു മൊഴിയുണ്ടെങ്കിൽ അത് കാണിക്കാൻ സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായ അഭിഭാഷകരോട് സുപ്രീംകോടതി ആവശ്യപ്പെട്ടു. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ പണം ആവശ്യപ്പെട്ടു, വാങ്ങി തുടങ്ങിയ മൊഴികളല്ല വേണ്ടതെന്നും കോടതി ചൂണ്ടിക്കാട്ടി.

എന്നാൽ അന്വേഷണം പൂർത്തിയായിട്ടില്ലെന്നും, കുറ്റപത്രം സമർപ്പിക്കാൻ അനുവദിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടു. വിചാരണാ കോടതിയാണ് ഷാജി കുറ്റക്കാരൻ ആണോ അല്ലയോ എന്ന് കണ്ടെത്തേണ്ടതെന്നും സർക്കാർ സുപ്രീംകോടതിയിൽ വാദിച്ചു. എന്നാൽ ഈ ആവശ്യം അംഗീകരിച്ചാൽ ഏതൊരു രാഷ്ട്രീയക്കാരന് എതിരെയും ബാലിശമായ കേസ് രജിസ്റ്റർ ചെയ്യാൻ സർക്കാരുകൾക്ക് അനുമതി നൽകുന്നതിന് തുല്യമാകുമെന്നും സുപ്രീം കോടതി വ്യക്തമാക്കി. തുടർന്നാണ് കേസ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി ശരിവെച്ചത്. കള്ളപ്പണ നിരോധന നിയമവുമായി ബന്ധപ്പെട്ട് ഷാജിക്ക് എതിരെ എടുത്ത കേസ് ഹൈക്കോടതി റദ്ദാക്കിയതിനെതിരെ ഇ.ഡി നൽകിയ ഹർജിയും സുപ്രീം കോടതി തള്ളി.

2014–ൽ അഴീക്കോട് സ്കൂളിലെ പ്ലസ്ടു ബാച്ച് അനുവദിക്കാൻ കെ.എം ഷാജി 25 ലക്ഷം രൂപ കോഴ വാങ്ങിയെന്ന പരാതിയിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. 2020–ൽ രജിസ്റ്റർ ചെയ്ത കേസ് നേരത്തെ കേരള ഹൈക്കോടതി റദ്ദാക്കിയിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാരാണ് സുപ്രീംകോടതിയെ സമീപിച്ചത്. സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ നീരജ് കിഷൻ കൗളും, സ്റ്റാന്റിംഗ് കോൺസൽ ഹർഷദ് വി. ഹമീദും ആണ് സുപ്രീം കോടതിയിൽ ഹാജരായത്. കെ.എം. ഷാജിക്ക് വേണ്ടി സീനിയർ അഭിഭാഷകൻ നിഖിൽ ഗോയൽ, അഭിഭാഷകൻ ഹാരിസ് ബീരാൻ എന്നിവരാണ് ഹാജർ ആയത്.

കഴിച്ചു തീർത്ത ഭക്ഷണത്തിന്റെ ബാക്കി, ചതഞ്ഞരഞ്ഞ അഞ്ച് ജീവനുകൾ

തൃശൂർ: ഇത്രയും വലിയ അപകടം നാട്ടികയിലുള്ളവർ അടുത്തൊന്നും കണ്ടിട്ടില്ല. അത്രയ്ക്കും ഭീകരമായിരുന്നു അപകട സ്ഥലത്തെ കാഴ്ചകൾ. ഇന്ന് പുലർച്ചെ നാലേ കാലോടെയായിരുന്നു നാടോടി സംഘത്തിലെ 5പേർ മരിക്കാനിടയായ ലോറി അപകടം സംഭവിച്ചത്. നിർമ്മാണം നടക്കുന്ന സ്ഥലത്ത് കിടന്നുറങ്ങിയ നാടോടി സംഘത്തിലെ 5 പേരാണ് അതിദാരുണമായി മരണപ്പെട്ടത്. ആദ്യ കാഴ്ചയിൽ മൃതദേഹങ്ങൾ പലതും ചതഞ്ഞരഞ്ഞ നിലയിലായിരുന്നു. എത്ര പേർ മരിച്ചുവെന്ന് പോലും വ്യക്തമായിരുന്നില്ല. ഉടൻ തന്നെ വലപ്പാട് പൊലീസ് സ്ഥലത്തെത്തി.

റോഡിൽ ചിന്നിച്ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾ വലിച്ചെടുക്കേണ്ട അവസ്ഥയിലായിരുന്നെന്ന് നാട്ടുകാർ പറയുന്നു. പലർക്കും അംഗഭംഗം സംഭവിച്ചിരുന്നു. തൃപ്രയാർ ഏകാദശി നടക്കുന്നതിനാൽ സമീപത്തെ ഗ്രൗണ്ടിൽ പാർക്കിംഗ് അനുവദിച്ചിരുന്നു. ഇതോടെയാണ് സംഘം കിടക്കാനായി ഹൈവേയിലേക്ക് മാറിയത്. റോഡിലേക്ക് വാഹനം വരാതിരിക്കാൻ കൃത്യമായ ദിശാ സൂചനകളും അധികൃതർ സ്ഥാപിച്ചിരുന്നു. ഇതുകൂടാതെ തെങ്ങിൻ തടികൾ വച്ചും കോൺക്രീറ്റ് ബാരിക്കേഡ് വച്ചും പ്രവേശനം തടഞ്ഞിരുന്നു. ഇതൊക്കെ മറികടന്നാണ് ലോറി നാടോടി സംഘത്തിന് ഇടയിലേക്ക് പാഞ്ഞു കയറിയത്.

ചോറ്റുപാത്രവും ബാഗും ബക്കറ്റുമെല്ലാം റോഡിൽ ചിതറിത്തെറിച്ച നിലയിലാണ്. മൃതദേഹങ്ങൾ തുണിയിട്ട് മൂടിയ നിലയിലാണ്. ഭീകരമായ ഈ കാഴ്ച കണ്ട ഞെട്ടലിലാണ് പ്രദേശവാസികൾ. അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന മൂന്നുപേരിൽ രണ്ടുപേരുടെ നില അതീവഗുരുതമാണ്. ജയവർദ്ധൻ, വിജയ്, ചിത്ര എന്നിവരാണ് ചികിത്സയിൽ കഴിയുന്നത്. ഇവർക്കാവശ്യമായ എല്ലാ ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കാൻ ജില്ലാ ഭരണകൂടം മെഡിക്കൽ കോളേജിന് നിർദേശം നൽകിയിട്ടുണ്ട്.

അടുത്ത തിരഞ്ഞെടുപ്പിൽ തൃശൂർ, തിരുവനന്തപുരം കോർപ്പറേഷനുകൾ ബിജെപി പിടിക്കും, സജ്ജമായിക്കഴിഞ്ഞു

കൊച്ചി: വരുന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പാണ് തന്റെ മനസിലുള്ള ഇപ്പോഴത്തെ ചിന്തയെന്ന് ബിജെപി നേതാവ് ശോഭാ സുരേന്ദ്രൻ. തിരുവനന്തപുരം, തൃശൂർ ഉൾപ്പെടെയുള്ള കോർപ്പറേഷനുകൾ പാർട്ടി ഭരിക്കുമെന്നും അതിന് സജ്ജമായിക്കഴിഞ്ഞുവെന്നും ശോഭ പറഞ്ഞു. കൊച്ചിയിൽ പാർട്ടി യോഗത്തിൽ പങ്കെടുക്കുന്നതിന് മുമ്പ് മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

പാർട്ടിയുടെ സംസ്ഥാന ഘടകം എന്ത് ജോലി എന്നെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഞാനത് കൃത്യമായി ചെയ്ത് തീർത്തിട്ടുണ്ട്. അഖിലേന്ത്യാ ഘടകവും സംസ്ഥാന നേതൃത്വവും ആണ് തീരുമാനിക്കുന്നത് ശോഭ എന്ത് ജോലി ചെയ്യണമെന്ന്. ആ ജോലി കൃത്യമായി ചെയ്ത് തീർത്തു എന്ന ആത്മവിശ്വാസമുള്ള സാധാരണക്കാരിയാണ് ഞാൻ. എന്റെ മനസിലുള്ള ഇപ്പോഴത്തെ ചിന്ത അടുത്ത തിരഞ്ഞെടുപ്പാണ്.

വിഡി സതീശന്റെ വെല്ലുവിളി ബിജെപി ഏറ്റെടുക്കുകയാണ്. പന്തയം വയ്ക്കാം. പാലക്കാട് മുനിസിപ്പാലിറ്റിയിൽ ഒരു കൗൺസിലറെ യുഡിഎഫിന് അധികമായി ഉണ്ടാക്കാൻ സാധിക്കുമോ? അത് വെല്ലുവിളിയായി ഏറ്റെടുക്കാൻ ബിജെപി തയ്യാറാണ്. അടുത്ത തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരവും തൃശൂരും ഉൾപ്പെടെയുള്ള കോർപ്പറേഷനുകൾ ഞങ്ങൾ ഭരിക്കും. വരുന്ന തിരഞ്ഞെടുപ്പിൽ സ്ത്രീകളെ പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരുമായും ഇരുത്താൻ പാർട്ടി സജ്ജമായിക്കൊണ്ടിരിക്കുകയാണ്.

പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസ് പ്രതിക്കെതിരെ പോലീസ് കേസെടുത്തു

കോഴിക്കോട്: ഹൈക്കോടതി തീർപ്പാക്കിയ പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ പ്രതി രാഹുൽ പി. ഗോപാലിനെതിരെ പന്തീരാങ്കാവ് പോലീസ് കേസ് എടുത്തു. കൊലപാതക ശ്രമം, ഗാർഹിക പീഡനം, എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കേസ് എടുത്തത്. വീണ്ടും ഭർത്താവിന്റെ മർദനമേറ്റതായി കാണിച്ച് യുവതി നൽകിയ പരാതിയിലാണ് പോലീസ് കേസ് എടുത്തത്. ഗാർഹിക പീഡനക്കേസ് ഹൈക്കോടതി റദ്ദാക്കി ഒന്നരമാസത്തിനിടെയാണ് പുതിയ കേസ്.

മീൻ കറിക്ക് പുളി കുറഞ്ഞെന്ന കാരണത്താലായിരുന്നു മർദനമെന്നാണ് യുവതി പോലീസിൽ പരാതി നൽകിയത്. പരിക്കേറ്റ യുവതിയെ ഭർത്താവ് രാഹുലും അമ്മയും ചേർന്ന് ഇന്നലെ രാത്രി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചിരുന്നു. എന്നാൽ പോലീസ് എത്തിയപ്പോൾ തനിക്ക് പരാതിയില്ലെന്നായിരുന്നു യുവതിയുടെ മറുപടി. ഇന്ന് രാവിലെ രക്ഷിതാക്കൾക്ക് ഒപ്പമെത്തിയാണ് യുവതി പന്തീരാങ്കാവ് പോലീസിൽ പരാതി നൽകിയത്.

യുവതിയുടെ മൊഴി പോലീസ് രേഖപ്പെടുത്തി. ഇക്കഴിഞ്ഞ മേയിലാണ് രാഹുലിന് എതിരെ യുവതി ആദ്യം ഗാർഹിക പീഡന പരാതി നൽകിയത്.

മാഹിയിൽ നിന്ന് കുപ്പി വാങ്ങി വഴിനീളെ മദ്യപിച്ചു, വിശദമായി ചോദ്യം ചെയ്യും

തൃശൂർ: നാട്ടികയിൽ അപകടമുണ്ടാക്കിയ തടി ലോറിയിലെ ഡ്രൈവറും ക്ലീനറും മദ്യപിച്ചിരുന്നതായി വിവരം. ഇരുവർക്കുമെതിരെ നരഹത്യയ്ക്ക് പൊലീസ് കേസെടുത്തു. ലോറിയുടെ ക്ലീനറാണ് അപകടമുണ്ടായ സമയത്ത് വണ്ടി ഓടിച്ചതെന്നാണ് പ്രാഥമിക നിഗമനം. ഇവർ മാഹിയിൽ ഇറങ്ങി മദ്യം വാങ്ങിയെന്നും അവിടം മുതൽ മദ്യപിച്ചിരുന്നെന്നും തൃശൂർ സിറ്റി പൊലീസ് കമ്മിഷണർ ആർ ഇളങ്കോ പറഞ്ഞു. മദ്യപിച്ച് വാഹനമോടിച്ചു എന്ന് വൈദ്യ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

ഡ്രൈവറും ക്ലീനറും ഇപ്പോഴും മദ്യലഹരിയിലാണെന്നും വിശദമായ ചോദ്യം ചെയ്യൽ നടത്തുമെന്നും സിറ്റി പൊലീസ് കമ്മിഷണർ വ്യക്തമാക്കി. ലോറിയുടെ ഡ്രൈവർ ജോസ് (54) ക്ലീനറായ കണ്ണൂർ ആലക്കോട് സ്വദേശി അലക്സ് (33) എന്നിവരുടെ അറസ്റ്റ് പൊലീസ് രേഖപ്പെടുത്തിയിട്ടുണ്ട്.

നഗരത്തിലെ പൊതുസ്ഥലങ്ങളിൽ കിടന്നുറങ്ങുന്ന നാടോടികളെ പറ്റിയുള്ള വിവരശേഖരണം നടത്തും. അപകടത്തിൽപ്പെട്ട സംഘത്തോട് മാറിത്താമസിക്കണമെന്ന് പൊലീസ് അറിയിച്ചു എന്നാണ് പ്രാഥമിക വിവരം. അപകട സ്ഥലത്ത് കമ്മിഷണറും സംഘവും എത്തി പരിശോധന നടത്തി. കണ്ണൂരിൽ നിന്ന് ലോറി പുറപ്പെട്ടപ്പോൾ തന്നെ മദ്യപിച്ചിരുന്നതായി ഡ്രൈവറും ക്ലീനറും മൊഴി നൽകിയിട്ടുണ്ട്.

ലോറി ഓടിച്ച ക്ലീനർ അലക്സിന് ലൈസൻസില്ല. പൊന്നാനിയിൽ വച്ചാണ് ഡ്രൈവർ ജോസ് അലക്സിന് വണ്ടി കൈമാറിയത്. ഡിവൈഡറും ബാരിക്കേഡും കടന്ന് 50 മീറ്റർ വന്നശേഷമാണ് ഉറങ്ങിക്കിടക്കുന്നവർക്കിടയിലേക്ക് പാഞ്ഞുകയറിയത്. പ്രതികൾ അടച്ചിട്ട റോഡിലൂടെ മുന്നോട്ടുനീങ്ങി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ നാട്ടുകാർ ചേർന്ന് പിടികൂടുകയായിരുന്നു.

വാഹനം ഓടിച്ചവരുടെ ഗുരുതര പിഴവാണ് അപകടത്തിനിടയാക്കിയത്. പോസ്റ്റ്മോർട്ടം പൂർത്തീകരിച്ച് സർക്കാർ തന്നെ മൃതദേഹം വീട്ടിലെത്തിക്കും. കളക്ടർ നേതൃത്വം നൽകും. സംസ്കാരത്തിന് ഉൾപ്പെടെ സർക്കാർ സഹായങ്ങൾ നൽകും. മരണപ്പെട്ടവർക്ക് ധനസഹായം ഉണ്ടാകും.

കേരളാ ബാങ്ക് ജീവനക്കാർ പണിമുടക്കുന്നു

തിരു : കേരളാ ബാങ്ക് എംപ്ലോയീസ് കോൺഗ്രസിന്റെ നേതൃത്വത്തിൽ കേരളാ ബാങ്ക് ജീവനക്കാർ നവംബർ 28, 29, 30 തിയതികളിൽ സംസ്ഥാന വ്യാപകമായി പണിമുടക്കും. ബാങ്കിന്റെ സംസ്ഥാനത്തെ 823 ശാഖകളിലെയും ഹെഡ് ഓഫീസിലെയും റീജണൽ ജില്ലാ ഓഫീസുകളിലെയും ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കും.

രാം ഗോപാൽ വർമ ഒളിവിൽ, ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചു; വീടിന് മുന്നിൽ പോലീസ് സന്നാഹം

ഹൈദരാബാദ്: ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവിനെതിരേ അപകീർത്തിപരമായ പോസ്റ്റുകൾ പങ്കുവെച്ച കേസിൽ സംവിധായകൻ രാം ഗോപാൽ വർമയ്ക്കെതിരേ പോലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചു. തിങ്കളാഴ്ച രാവിലെ മുതൽ സംവിധായകൻ ഒളിവിലാണെന്നാണ് റിപ്പോർട്ടുകൾ. അദ്ദേഹത്തെ കണ്ടെത്തുന്നതിനായി പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് ചൂണ്ടിക്കാട്ടി രാം ?ഗോപാൽ വർമയ്ക്ക് പോലീസ് സമൻസ് അയച്ചിരുന്നു. ഇതോടെ, രാം ?ഗോപാൽ വർമ ഒളിവിൽ പോകുകയായിരുന്നു. അദ്ദേഹത്തിന്റെ ഹൈദരാബാദിലെ വീടിന് മുന്നിൽവരെ പോലീസ് നിലയുറപ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കൈരളി വികസന പദ്ധതികളുമായി മുന്നോട്ട്

തൃശൂർ: കേന്ദ്രസർക്കാരിന്റെ സഹകരണമന്ത്രാലയത്തിന് കീഴിൽ പൂർണ്ണ ഔദ്യോഗിക അംഗീകാരത്തോടെ തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കൈരളി അഗ്രികൾച്ചറൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർദ്ദിഷ്ട പദ്ധതികളുമായി സജീവമായി പ്രവർത്തിക്കുന്നതായി ചെയർമാൻ കെ.വി. അശോകൻ അറിയിച്ചു.

2022ലാണ് സ്ഥാപനം തുടങ്ങിയത്. ചെയർമാൻ ഉൾപ്പെടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരാണ്. കാർബൺ ക്രെഡിറ്റ് പ്രോജക്ട്, കാർബൺ നാച്ചുറൽ എക്കോഫാം ടൂറിസം, നാളികേര വികസന പദ്ധതി, ഇക്കോ ഹാർവെസ്റ്റ്, ഹെർബൽ സാനിറ്ററി നാപ്കിൻ നിർമ്മാണം, മായം ചേർക്കാത്ത ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന, തുടങ്ങിയവ സൊസൈറ്റി നടത്തിവരുന്നു.

സൊസൈറ്റിയിൽ 22600 മെമ്പർമാരുണ്ട്. കൂടുതൽ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു.ഈ സാഹചര്യത്തിൽ സൊസൈറ്റിക്കെതിരെ ചില വാർത്താചാനലുകളും തൽപ്പരകക്ഷികളും നടത്തുന്ന എതിർ പ്രചരണം അടിസ്ഥാനരഹിതമാണെന്നും ചെയർമാൻ അശോകൻ അറിയിച്ചു.

ടി.വി. കൊച്ചുബാവ അനുസ്മരണം

ഇരിങ്ങാലക്കുട: മലയാള ഭാഷക്കും, സാഹിത്യത്തിനും മികച്ച സംഭാവന നൽകിയ ടി.വി. കൊച്ചുബാവയുടെ 25-ാം ചരമ വാർഷികം ശക്തി സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ നടന്നു. പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ കീഴ്ത്താനി അധ്യക്ഷത വഹിച്ചു. എ.സി. സുരേഷ് മുഖ്യ പ്രഭാഷണം നടത്തി. കെ. ഹരി, ബാബുരാജ് പൊറത്തിശ്ശേരി, കാറളം രാമചന്ദ്രൻ നമ്പ്യാർ എന്നിവർ പ്രസംഗിച്ചു.

സ്മാർട്ട്ഫോൺ വിപണിയിൽ തരംഗമാകാൻ ഐകൂ 13

കൊച്ചി :ഐകൂ-യുടെ ഏറ്റവും പുതിയ സ്മാർട്ട്ഫോൺ ഐകൂ 13 ഡിസംബർ 3-ന് പുറത്തിറങ്ങും. അതിവേഗ പെർഫോമൻസ്, അത്യാധുനിക ക്യാമറ, മികച്ച ഡിസൈൻ, നീണ്ടുനിൽക്കുന്ന ബാറ്ററി ലൈഫ്, ഇമ്മേർസീവ് ഡിസ്പ്ലേ സാങ്കേതികവിദ്യ തുടങ്ങിയ സമാനതകളില്ലാത്ത ഫീച്ചറുകൾ സമന്വയിപ്പിച്ചാണ് ഫോൺ പുറത്തിറക്കുന്നത്.

സ്നാപ്ഡ്രാഗൺ 8 എലീറ്റ് എന്ന ഏറ്റവും വേഗതയേറിയ പ്രോസസറിൽ പ്രവർത്തിക്കുന്ന ഫോണിൽ സൂപ്പർകംപ്യൂട്ടിംഗ് ചിപ്പ് ക്യു2വും 2കെ ഗെയിം സൂപ്പർ റെസല്യൂഷനും 144 ഫ്പിഎസ് ഗെയിം ഫ്രെയിം ഇന്റർപൊളേഷനുമുണ്ട്. ഏറ്റവും മികച്ച ഗെയിമിംഗ് അനുഭവം നൽകാൻ സാധിക്കുന്നൊരു കോമ്പിനേഷനാണിത്. 7000എംഎം വിസി കൂളിംഗ് സിസ്റ്റം ഉള്ളതിനാൽ ഫോൺ ചൂടാകാതിരിക്കും.

ആനകൾക്ക് ഇനി കുറി വേണ്ട; വിലക്കേർപ്പെടുത്തി ഗുരുവായൂർ ദേവസ്വം

തൃശൂർ: ആനകൾക്ക് ഇനി മുതൽ കുറി തൊടാൻ പാടില്ലെന്ന് ഗുരുവായൂർ ദേവസ്വം. കുറി തൊടീക്കുന്നത് മൂലം നെറ്റിപ്പട്ടത്തിൽ ചായം ഇളകി നെറ്റിപ്പട്ടം കേടു വരുന്നുണ്ടെന്ന് ചൂണ്ടിക്കാണിച്ചാണ് നടപടി.പാപ്പാന്മാർക്ക് വേണ്ടി ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ പുറത്തിറക്കിയ സർക്കുലറിലാണ് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്.

പല നിറത്തിലുള്ള കുറി ആനകളെ തൊടീക്കുന്നത് നെറ്റിപട്ടത്തിൽ ചായം ഇളകി കറപിടിക്കാൻ കാരണമാകുന്നു എന്നാണ് കണ്ടെത്തൽ. തുണി ദ്രവിച്ച് നെറ്റിപട്ടം കേടുവരുന്നു എന്നതടക്കമാണ് പാപ്പാന്മാർക്ക് വേണ്ടി ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ പുറത്തിറക്കിയ സർക്കുലറിൽ പറയുന്നത്. നിർദ്ദേശീ ലംഘിച്ചാൽ പാപ്പാന്മാരിൽ നിന്ന് പിഴ ഈടാക്കുമെന്നും സർക്കുലറിൽ നിർദേശം നൽകിയിട്ടുണ്ട്.

ആരധനാലയ നിയമത്തെ നീതിപീഠം നോക്കുകുത്തിയാക്കുന്നു: എം.കെ. അസ്‌ലം

തൃശൂർ: ഉത്തർപ്രദേശിലെ സംഭാലിൽ ഷാഹി മസ്ജിദിന്റെ സംരക്ഷണത്തിന് തെരുവിലിറങ്ങിയ മുസ്ലിങ്ങൾക്കെതിരെ വെടിയുതിർത്ത് അഞ്ച് സഹോദരങ്ങളെ കൊല ചെയ്ത ചെയ്ത യോഗീ സർക്കാറിന്റെ നടപടി അത്യന്തം ക്രൂരതയാണ്. ഈ മനുഷ്യഹത്യക്ക് ഒത്താശ ചെയ്യുന്ന കോടതി നടപടികൾ അതിനേക്കാൾ ഭീകരവും. 1991 ലെ ആരധനാലയ നിയമത്തെ നോക്കുകുത്തിയാക്കുന്ന നീതിപീഠത്തിന്റെ നടപടികൾ പ്രതിഷേധാർഹമാണ് എന്നും വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് എം.കെ. അസ് ലം പറഞ്ഞു. ഈ ക്രൂരതക്കെതിരെ ശക്തമായ പ്രതിഷേധം ഉയരണം .കോടതികൾ കർസേവക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുമ്പോൾ തെരുവിലിറങ്ങാതെ വഴിയില്ല. കഴിഞ്ഞ ചൊവ്വാഴ്ചയാണ് സംഭൽ കോടതി എതിർഭാഗത്തെ കേൾക്കാൻ പോലും തയാറാകാതെ ഷാഹി മസ്ജിദ് സർവേ ചെയ്യാൻ അഡ്വക്കറ്റ് കമ്മീഷണറെ ചുമതലപ്പെടുത്തുന്നത്. ഹരജി സമർപ്പിച്ചു കേവലം മൂന്ന് മണിക്കൂർ കൊണ്ട് തന്നെ കോടതി സർവേ നടത്താൻ അനുമതി നൽകി. അന്ന് വൈകീട്ട് തന്നെ സർവേ ആരംഭിക്കുകയും ചെയ്യുകയായിരുന്നു. ഇത്രയും തിടുക്കപ്പെട്ട് സുപ്രധാനമായ സംഭവത്തിൽ ഇടപെടൽ നടത്തുന്ന ജഡ്ജിമാരെ നിലക്കുനിർത്താൻ സുപ്രീം കോടതി തയാറാകണം. ജീവൻ നൽകിയും ആരാധനാലയങ്ങൾ സംരക്ഷിക്കാൻ ചെറുപ്പക്കാരെ മതനിരപേക്ഷ ഇന്ത്യക്കു വേണ്ടി അഭിവാദ്യം ചെയ്യുന്നു.

ഇന്ത്യയുടെ സംസ്കാരത്തെയും നാഗരികതയെയും നിർമിച്ചതിൽ നിർണായക പങ്കുള്ള ഇന്ത്യൻ മുസ്‌ലിമിന്റെ ചരിത്ര പൈതൃകങ്ങൾ നശിപ്പിച്ചു തീർക്കാമെന്നത് സംഘ് പരിവാറിന്റെ വ്യാമോഹം മാത്രമാണ് എന്നും അദ്ദേഹം പറഞ്ഞു. യു.പി.യിലെ പോലീസ് നരനായാട്ടിൽ പ്രതിഷേധിച്ച് വെൽഫെയർ പാർട്ടി തൃശൂർ നഗരത്തിൽ നടത്തിയ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. കെ.എസ് നിസാർ അധ്യക്ഷത വഹിച്ചു. ജില്ലാ നേതാക്കളായ ആരിഫ് മുഹമ്മദ് പി.ബി, നവാസ് എടവിലങ്ങ്, ഉമൈറ കെ.എസ്, ടി.എം. കുഞ്ഞിപ്പ, റഫീഖ് കാതിക്കോട്, സരസ്വതി വലപ്പാട്, റക്കീബ് തറയിൽ, കെ.കെ. ഷാജഹാൻ, റഷീദ് മാസ്റ്റർ, അക്ബർ പി.കെ, റഫീഖ് പി.എച്ച് എന്നിവർ നേതൃത്വം നൽകി. ജില്ലാ ഓഫീസ് പരിസരത്ത് നിന്നും ആരംഭിച്ച പ്രകടനം തൃശൂർ കോർപറേഷൻ പരിസരത്ത് സമാപിച്ചു.

29-ാമത് സംസ്ഥാന ജൂനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് സമാപിച്ചു

തൃശ്ശൂർ: വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ ജൂനിയർ ഫെൻസിങ്ങ് ചാമ്പ്യൻഷിപ്പ് സമാപിച്ചു. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ആർ. ഇളങ്കോ വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.ആർ. സാംബശിവൻ മുഖ്യാതിഥിയായി പങ്കെടുത്തു. പുരുഷവിഭാഗം ഓവറോൾ ചാമ്പ്യൻഷിപ്പിൽ 28 പോയിന്റോടുകൂടി വയനാട് ജില്ല ഒന്നാസ്ഥാനവും 26 പോയിന്റോടെ കണ്ണൂർ ജില്ല രണ്ടാം സ്ഥാനവും 17 പോയിന്റോടുകൂടി മലപ്പുറം ജില്ലാ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

വനിതാവിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ ജില്ല 37 പോയിന്റോടുകൂടി ഒന്നാസ്ഥാനവും 27 പോയിന്റോടെ വയനാട് ജില്ലാ രണ്ടാം സ്ഥാനവും 19 പോയിന്റോടുകൂടി തൃശ്ശൂർ ജില്ലാ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സീനിയർ പുരുഷ-വനിതാവിഭാഗം ഫെൻസിങ്ങ് ചാമ്പ്യൻഷിപ്പ് ആരംഭിച്ചു. നവംബർ 27ന് ചാമ്പ്യൻഷിപ്പ് സമാപിക്കും.

ജില്ലാ ആർച്ചറി ചാമ്പ്യൻഷിപ്പ് ആരംഭിച്ചു

കൈപ്പറമ്പ്: തൃശ്ശൂർ ജില്ലാ ആർച്ചറി ചാമ്പ്യൻഷിപ്പ്കൈപ്പറമ്പ് ആർട്ടിമിസ്സ് അക്കാദമിയിൽ ആരംഭിച്ചു.. ചാമ്പ്യൻഷിപ്പ് ജില്ല പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്. പ്രിൻസ് ഉദ്ഘാടനീ ചെയ്തു. നിരവധി ജില്ല സംസ്ഥാന ദേശീയ അന്തർ ദേശീയ താരങ്ങളെ സൃഷ്ടിച്ചെടുക്കാനും മികച്ച കായികതാരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും, ജില്ലാ ആർച്ചറി അസോസിയേഷന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പറഞ്ഞു.

യോഗത്തിൽ ജില്ലാ ആർച്ചറി അസോസിയേഷൻ പ്രസിഡണ്ട് സി.ജെ. ജെയിംസ് അധ്യക്ഷത വഹിച്ചു. മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും, ജില്ല സ്പോർട്സ് കൗൺസിൽ അംഗവുമായ സി. വി.കുര്യാക്കോസ് മുഖ്യാതിഥിയായിരുന്നു. ആർച്ചറി അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡണ്ട് ജോൺസൺ ജോർജ്,ഇന്റർനാഷണൽ കോച്ചും ആർച്ചറി അസോസിയേഷൻ ജില്ലാ ജനറൽ സെക്രട്ടറിയുമായ എം. ആർ.സന്തോഷ്, ഡോക്ടർ ഇ.ബി.ബിനോയ്, കൺവീനർ അബി ജോൺസൺ,എന്നിവർ സംസാരിച്ചു.. ജില്ല ചാമ്പ്യൻഷിപ്പ്25ന് സമാപിക്കും....10, 13,15,18 വയസ്സിന് താഴെയും, സീനിയർ വിഭാഗത്തിലുമാണ് മത്സരം നടക്കുന്നത്..250 ഓളം മത്സരാർത്ഥികൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും.

പ്രൊഫഷണൽ സൂപ്പർ മെഗാ ഹൈടെക്ക് ക്രിസ്തുമസ് കരോൾ മത്സരം ഡിസംബർ 21ന്

ഇരിങ്ങാലക്കുട : സെന്റ് തോമസ് കത്തീഡ്രൽ പ്രൊഫഷണൽ സി എൽ സിയുടെ ആഭിമുഖ്യത്തിൽ സീനിയർ, ജൂനിയർ സി എൽ സി യുടെ സഹകരണത്തോടെ നടത്തുന്ന പ്രൊഫഷണൽ സൂപ്പർ മെഗാ ഹൈടെക്ക് ക്രിസ്തുമസ് കരോൾ മത്സരഘോഷയാത്ര ഡിസംബർ 21ന് നടക്കും.

കരോൾ മത്സരഘോഷയാത്ര ഇരിങ്ങാലക്കുട ടൗൺ ഹാൾ പരിസരത്ത് നിന്ന് വൈകീട്ട് 5:30ന് ആരംഭിച്ച് മെയിൻ റോഡ്, ഠാണാ കൂടി രാത്രി 8 മണിക്ക് കത്തീഡ്രൽ പള്ളി അങ്കണത്തിൽ എത്തിച്ചേരും.

തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും.

ഒന്നാം സമ്മാനം 77,777 രൂപയും ട്രോഫിയും, രണ്ടാം സമ്മാനം 55,555 രൂപയും ട്രോഫിയും, മൂന്നാം സമ്മാനം 44,444 രൂപയും ട്രോഫിയും, ഏറ്റവും നല്ല ടാബ്ലോക്ക് 11, 111 രൂപയും, മത്സരത്തിൽ പങ്കെടുക്കുന്ന സമ്മാനർഹരല്ലാത്ത മറ്റ് ടീമുകൾക്ക് 25,000 രൂപ പ്രോത്സാഹന സമ്മാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ക്രിസ്തുമസ് കരോൾ മത്സരഘോഷയാത്രയിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ നിന്നും സംഘടനകളിൽ നിന്നും ടീമുകളെ ക്ഷണിക്കുന്നതായി സംഘാടക സമിതി അറിയിച്ചു.

കരോൾ മത്സര ഘോഷയാത്രയോടനുബന്ധിച്ച് ചീഫ് കോർഡിനേറ്റർ ഫാ ഹാലിറ്റ് തുലാപ്പറമ്പന്റെ നേതൃത്വത്തിൽ ഡേവീസ് പടിഞ്ഞാറക്കാരൻ (ജനറൽ കൺവീനർ), കെ പി നെൽസൻ, ആഷ്‌ലിൻ ജെയ്സൻ (കൺവീനർമാർ), പി ജെ ജോയ് (ഓർഗനൈസിംഗ് സെക്രട്ടറി), ഷോബി കെ പോൾ (കോർഡിനേറ്റർ), സെബി അക്കരക്കാരൻ, വിനു ആന്റണി (പബ്ലിസിറ്റി കമ്മിറ്റി അംഗങ്ങൾ) എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപികരിച്ചു.

കൂടുതൽ വിവരങ്ങൾക്ക് സി എൽ സി 9847237046, 9995616352, 9387358833 എന്നീ നമ്പറുകളിൽ ഭാരവാഹികളുമായി ബന്ധപ്പെടാവുന്നതാണ്.

ക്ഷേമനിധി അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം വിതരണോദ്ഘാടനം നവംബർ 30 ന്

തൃശൂർ: കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ കളക്ടറേറ്റ് അനക്സ് ഹാളിൽ നവംബർ 30 ന് ഉച്ചയ്ക്ക് 2.30 ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ നിർവ്വഹിക്കും. പി. ബാലചന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. തൃശ്ശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗ്ഗീസ് മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് മുഖ്യപ്രഭാഷണം നടത്തും. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവിധ യൂണിയൻ നേതാക്കൾ, ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

സെൻറ് ജോസഫ്സ് കാലിക്കറ്റ് വോളി ചാമ്പ്യൻ

ഇരിങ്ങാലക്കുട:കാലിക്കറ്റ് യൂണിവേഴ്സിറ്റി വനിതാ ഇൻറർ സോൺ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് ചാമ്പ്യന്മാരായി. കാലിക്കറ്റ് യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകളിൽ നാല്പത്തി അഞ്ചാം തവണയാണ് ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളേജ് കാലിക്കറ്റ് വോളിബോൾ ചാമ്പ്യന്മാർ ആകുന്നത്. ഫൈനലിൽ സെന്റ് മേരീസ് കോളേജ് സുൽത്താൻ ബത്തേരിയെ (2825, 2517, 2519) തോൽപ്പിച്ചാണ് സെൻറ് ജോസഫ്സ് കോളേജ് ചാമ്പ്യൻമാരായത്. മൂന്നാം സ്ഥാനത്തിന് വേണ്ടിയുള്ള മത്സരത്തിൽ എസ്.എൻ കോളേജ് ചേളന്നൂർ, നൈപുണ്യ കോളേജ് കറുകുറ്റിയെ തോൽപ്പിച്ച് മൂന്നാംസ്ഥാനം കരസ്ഥമാക്കി.

കല്ലഴി ക്ഷേത്രോത്സവത്തിന് വ്യാഴാഴ്ച കൊടിയേറും

കുന്നംകുളം: ചൊവ്വന്നൂർ ശ്രീ കല്ലഴി വിഷ്ണു ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിന് നവംബർ 28 വ്യാഴാഴ്ച കൊടിയേറും. വൈകീട്ട് 7 ന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ കക്കാട് വാസുദേവൻ നൂമ്പൂതിരി ഉത്സവത്തിന്റെ കൊടിയേറ്റം നിർവഹിക്കുന്നതോടെ ചടങ്ങുകൾക്ക് തുടക്കമാകും. ദിവസേന രാവിലെ അഷ്ടദ്രവ്യ ഗണപതി ഹോമം, ഉഷഃപൂജ, രാവിലെ ഏഴര മുതൽ മേളത്തോട് കൂടിയ കാഴ്ചശീവേലി, എഴുന്നള്ളിപ്പ്, നവകം, പഞ്ചഗവ്യം എന്നിവയുണ്ടാകും. വൈകീട്ട് നാലര മുതൽ കാഴ്ചശീവേലി, ആനപ്പുറത്ത് എഴുന്നള്ളിപ്പ്, അത്താഴപൂജ, തായമ്പക, കേളി, പ്രദക്ഷിണം തുടങ്ങിയ ചടങ്ങുകളും ദിവസേന ഉണ്ടാകും. ദിവസേന ഭക്തജനങ്ങൾക്ക് അന്നദാനം, എഴുന്നള്ളിപ്പുകൾ ,വിവിധ വാദ്യഘോഷങ്ങൾ, കലാപരിപാടികൾ എന്നിവയും ഉത്സവത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

കൊടിയേറ്റ ദിവസമായ വ്യാഴാഴ്ച രാവിലെ മുതൽ കലവറ നിറക്കൽ എന്ന പ്രത്യേക ചടങ്ങും ഉണ്ടായിരിക്കും. വിവിധ ദിവസങ്ങളിൽ രാവിലെ ഒമ്പതര മുതൽ പ്രഭാഷണം, ചാക്യാർകൂത്ത്, നൃത്ത നൃത്യങ്ങൾ, ഗാനസുധ, തായമ്പക എന്നിവയുമുണ്ടാകും. ഉത്സവം സമാപന ദിവസമായ ഡിസംബർ 5 വ്യാഴാഴ്ച രാവിലെ 9 മണിക്ക് ഭഗവാനെ ആറാട്ടിനായി കലശമല ചിറയിലേക്ക് എഴുന്നള്ളിക്കും. മേളത്തോടയുള്ള തിരിച്ചെഴുന്നള്ളിപ്പ് വൈകിട്ട് ഏഴുമണിക്ക് ക്ഷേത്രത്തിലെത്തുകയും 11 പ്രദക്ഷിണം പൂർത്തിയാക്കുന്നതോടെ ഉത്സവത്തിന് കൊടിയിറങ്ങുകയും ചെയ്യും.

ഉത്സവ പരിപാടികൾ വിശദീകരിച്ചു നടത്തിയ പത്രസമ്മേളനത്തിൽ കല്ലഴി, ക്ഷേത്രം പ്രസിഡൻറ് കെ .കെ ആനന്ദൻ, സെക്രട്ടറി ബിനു കെ.ബാലകൃഷ്ണൻ, രക്ഷാധികാരി പരമേശ്വരൻ ഈച്ചരത്ത്, എം. ബിജു ബാൽ എന്നിവർ പങ്കെടുത്തു.

മെഡിക്കൽ ഓഫീസർ നിയമനം

തൃശ്ശൂർ: ജില്ലയിലെ സർക്കാർ ഹോമിയോ സ്ഥാപനങ്ങളിൽ മെഡിക്കൽ ഓഫീസർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈൻ പരീക്ഷ നടത്തുന്നു. 40 വയസ്സിന് താഴെയുള്ള ബി.എച്ച്.എം.എസ്., ടി.സി.എം.സി. രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ https://cutt.ly/regtsrexam എന്ന ഓൺലൈൻ ലിങ്കിലൂടെ ഡിസംബർ 7 ന് വൈകീട്ട് 5 നകം രജിസ്റ്റർ ചെയ്യണം. ഓൺലൈൻ പരീക്ഷയിൽ യോഗ്യത നേടുന്നവരെ തുടർന്ന് നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തും. ഓൺലൈൻ പരീക്ഷയുടെ ലിങ്ക്, സമയം, തീയതിയും മറ്റു വിവരങ്ങളും രജിസ്റ്റർ ചെയ്ത ഇ-മെയിൽ വിലാസത്തിൽ അറിയിക്കും. ഫോൺ: 0487 2366643.

പ്രസാദ ഊട്ട്

നടവരമ്പ് : ശ്രീ തൃപ്പയ്യ ത്രിമൂർത്തി ക്ഷേത്രത്തിൽ അത്തം പ്രസാദ ഊട്ട് നടന്നു ഐരാണിക്കുളം ജയശ്രീ ടീച്ചറും സംഘവും അവതരിപ്പിച്ച നാരായണീയ പാരായണം സുനിൽ മാതൃ പ്പിള്ളിയുടെ വക പ്രസാദ ഊട്ട് എന്നിവയും നടന്നു.

വാർത്താച്ചുരുക്കം

* നന്മ സംഘടിപ്പിക്കുന്ന സി.വി.ശ്രീരാമൻ സ്മാരക കഥാ മത്സരത്തിലേക്ക് രചനകൾ ക്ഷണിച്ചു. രവി കേച്ചേരി, 680501 വിലാസത്തിലാണ് അയക്കേണ്ടത്. 18 നും 40 വയസ്സിനുമിടയിലുള്ളവർക്ക് പങ്കെടുക്കാം . മികച്ച കഥയ്ക്ക് പതിനായിരം രൂപ അവാർഡ് നല്കും.
* ഇൻഷുറൻസ് മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിൽ പ്രതിഷേധിച്ച് എൽ.ഐ.സി. ഏജൻസ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ (സി.ഐ.ടി.യു) നേതൃത്വത്തിൽ തൃശൂർ ഡിവിഷൻ ഓഫീസിന് മുന്നിൽ ധർണ നടത്തി.
* സഹസ്ര കൾച്ചറൽ ട്രസ്റ്റ് സംഘടിപ്പിച്ച കേരള കഥക് മഹോത്സവം സാഹിത്യ നാടക അക്കാദമി തിയ്യറ്റിൽ വിപുലമായി നടന്നു.
* തൃശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്ക തീർത്ഥകേന്ദ്രത്തിലെ തിരുനാൾ ആഘോഷം കൊണ്ടാടി.
* തോൽപ്പിച്ചാൽ നിലവാരം കൂടുമോയെന്ന സന്ദേശമുയർത്തി ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിക്കുന്ന സംസ്ഥാന വിദ്യാഭ്യാസ ജാഥ 26, 27 തിയ്യതികളിൽ തൃശൂർ ജില്ലയിൽ പര്യടനം നടത്തി.ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോരുത്തരുടേയും അവകാശമാണ്. അതിൽ ജനകീയ സംവാദം ഉയരണമെന്നും പരിഷത്ത് ആവശ്യപ്പെടുന്നു.
* തൃശൂരിലെ പാചകവിദഗ്ദൻ കണ്ണൻസ്വാമിയുടെ നിര്യാണത്തിൽ അനുശോചിച്ച് ഓൾ കേരള കാറ്ററേറ്റ് അസോസിയേഷൻ പാറമേക്കാവ് അഗ്രശാല ഹാളിൽ പൗരയോഗം സംഘടിപ്പിച്ചു.
* പൈതൃകം ഗുരുവായൂർ ഏർപ്പെടുത്തിയ കർമ്മശ്രേഷ്ഠ പുരസ്കാരത്തിന് സംഗീതജ്ഞൻ മണ്ണൂർ എം.പി.രാജകുമാരനുണ്ണി അർഹനായി.
* അയ്യന്തോൾ പഞ്ചിക്കൽ ഫിനാറ്റിൽ ഫ്ളാറ്റിൽ നടന്ന കൊലപാതകത്തിൽ യാതൊരുബന്ധവുമില്ലാത്ത തന്നെ പോലീസ് ഗൂഢാലോചന നടത്തി പ്രതിയാക്കിയതായി കോൺഗ്രസ് നേതാവ് എം.ആർ.രാമദാസ് ആരോപിച്ചു.കേസിൽ ഹൈക്കോടതി തന്നെ കുറ്റക്കാരനല്ലെന്ന് കണ്ട് വെറുതെ വിട്ടിരുന്നു. മുൻവൈരാഗ്യം വെച്ചാണ് അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥനായ വി.കെ.രാജു തന്നെ പ്രതിയാക്കിയത്. രാജുവിനെതിരെ കർശനനടടിയാവശ്യപ്പെട്ട് 27ന് ജില്ലാകളക്ടറേറ്റിന് മുന്നിൽ ധർണ നടത്തുമെന്നും രാമദാസ് അറിയിച്ചു.
* തൃശൂർ വൈ.ഡബ്ലിയു.സി.എ ചെമ്പൂക്കാവ് ഓഫീസ് അങ്കണത്തിൽ ജീവകാരുണ്യ ഫണ്ട് ശേഖരണാർത്ഥം പ്രദർശനം നടത്തുന്നു. വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനം 28,29 തിയ്യതികളിലാണ് നടക്കുക.
* സ്പോർട്ട്സ് വെയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം തൃശൂർ അശോക ഇൻ ഹോട്ടലിൽ നടന്നു.നിർമ്മാതാക്കൾക്ക് സർക്കാർ കൂടുതൽ ആനുകൂല്യങ്ങൾ നൽകണമെന്നും സംഘടന ആവശ്യപ്പെട്ടു.

തിളക്കമാർന്ന വനിതകളെ തിരിച്ചറിയു

തൃശ്ശൂർ: അഞ്ഞൂറോളം വനിതാ രത്നങ്ങളുടെ വിജയഗാഥ രേഖപ്പെടുത്തിയ തോംസൺ പി.സി.രചിച്ച തിളക്കമാർന്ന വനിതകളെ തിരിച്ചറിയു..എന്ന പുസ്തകം കേരള സാഹിത്യ അക്കാദമിയിൽ വെച്ച് പ്രശസ്ത ചലച്ചിത്ര താരം നന്ദകിഷോർ ഫോർമർ പഞ്ചായത്ത് മെമ്പേഴസ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് കരീം പന്നിത്തടത്തിന് നൽകി പ്രകാശനം ചെയ്തു.

എഴുത്തുകാരി അനിതാ വർമ്മ അധ്യക്ഷയായ ചടങ്ങിൽ തൃശ്ശൂർ ഡയറ്റ് ലക്ചറർ സന്തോഷ് രാഘവൻ പുസ്തകം പരിചയപ്പെടുത്തി.

സൗമിനി മോഹൻ, ഡോ: വി.ടി. ജയറാം,കെ.ടി ഷാജൻ, പി.പി. അർജുൻ, കെ.ജി.സന്ധ്യ, ഡോ: പ്രമോദ് കെ.നാറാത്ത്, സി.എഫ്.ഷാജു, മുൻസിപ്പൽ കൗൺസിലർ മിഷ സെബാസ്റ്റ്യൻ, വി.ആർ.സാന്ദ്ര എന്നിവർ പ്രസംഗിച്ചു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

OS: 351/2024

ഷെർലി ടോണി - വാദി
മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, നായരങ്ങാടി ദേശത്ത് (പി ഒ കല്ലൂർ, പിൻ-680317) വട്ടക്കുഴി വീട്ടിൽ പൗലോസ് മകൻ 52 വയസ് ബിസിനസ് ഫ്രീജോ വി പി

- പ്രതി

മേൽ നമ്പറിൽ പ്രതിക്കുള്ള സമൻസും IA: 1/2020 ലെ നോട്ടീസും ടിയാന്റെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുന്നതിനനുവദിച്ച് മേൽ നമ്പർ കേസ് 10-12-2024 തി